**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 117** **04-07-2022 - ൽ മറുപടിയ്ക്ക്**

**എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനവും സ്മാർട്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ. എം. എം. മണി,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ശ്രീ. കെ.വി.സുമേഷ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | 2026-നുള്ളിൽ എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനവും സ്മാർട്ട് എന്ന ലക്ഷ്യം നിറവേറ്റാനായി നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ; | (എ) | സർക്കാർ ഭൂമിയിലെ കയ്യേറ്റങ്ങൾ കണ്ടെത്തി ഒഴിപ്പിക്കുന്നതിനും - മിച്ചഭൂമി കേസുകൾ സമയബന്ധിതമായി തീർപ്പാക്കി, മിച്ച ഭൂമി ഏറ്റെടുക്കുന്നതിനും യൂണീക്ക് തണ്ടപ്പേർ സംവിധാനം നടപ്പിലാക്കി കൂടുതൽ മിച്ച ഭൂമി കണ്ടെത്തി ഏറ്റെടുക്കാനും തീരുമാനിച്ചിട്ടുണ്ട്. ഇപ്രകാരം കൂടുതൽ ഭൂമി കണ്ടെത്തി ഭൂ രഹിതർക്ക് പതിച്ച് കൊടുത്തുകൊണ്ട് എല്ലാവർക്കും ഭൂമി എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിനുള്ള നടപടിയാണ് സ്വീകരിച്ചു വരുന്നത്. ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് നാല് വർഷം കൊണ്ട് സംസ്ഥാനത്ത് ഡിജിറ്റൽ സർവ്വെ പൂർത്തീകരിച്ച് മുഴുവൻ ഭൂമിക്കും രേഖ എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കും. ഡിജിറ്റൽ സർവ്വെ പൂർത്തീകരിക്കുന്നതോടെ എല്ലാ ഭൂമിക്കും വ്യക്തമായ ഉടമസ്ഥത ഉറപ്പാക്കാനാകും. സുതാര്യത ഉറപ്പാക്കിക്കൊണ്ടും, റവന്യൂ വകുപ്പിൽ നിന്നും ജനങ്ങൾക്കു നൽകുന്ന സേവനങ്ങളുടെ ഗുണനിലവാരം ഉയർത്തുകയെന്ന ലക്ഷ്യത്തോടെ ചുവടെ പറയുന്ന പദ്ധതികളാണ് നിലവിൽ നടപ്പിലാക്കിക്കൊണ്ട് എല്ലാ സേവനങ്ങളും സ്മാർട്ടാക്കും.<br><br>1. ഇ- ഡിസ്ട്രിക്റ്റ്<br><br>2. ആർ.ആർ.ഓൺലൈൻ<br><br>3. സംയോജിത ഓൺലൈൻ പോക്കുവരവ് (Online mutation)<br><br>4.റവന്യൂ ഇ-പെയ്മെന്റ്<br><br>5.റിലീഫ് (സമഗ്ര ദുരിത മാനേജ്മെന്റ് സംവിധാനം |

| | | | |
|---|---|---|---|
| | | | 6.റവന്യൂ മിത്രം<br><br>7. റവന്യൂ ഇ സർവ്വീസസ് മൊബൈൽ ആപ്ലിക്കേഷൻ<br><br>8. തണ്ടപ്പേർ പകർപ്പ് ഓൺലൈൻ<br><br>9. ലൊക്കേഷൻ മാപ്പ് ഓൺലൈൻ<br><br>10. FMB ഓൺലൈൻ<br><br>11. വില്ലേജ് വെബ്സൈറ്റ്<br><br>12. കേരള ബിൽഡിംഗ് ടാക്സ് മാനേജ്മെന്റ് സിസ്റ്റം<br><br>13. കോവിഡ് എക്സ്ഗ്രേഷ്യാ നഷ്ടപരിഹാര പോർട്ടൽ (ഡെവലപ്പ്മെന്റ് പുരോഗമിക്കുന്നു) |
| (ബി) | ഈ സർക്കാർ അധികാരത്തിലെത്തി ഒരു വർഷത്തിനകം എത്ര പട്ടയങ്ങൾ നൽകിയിട്ടുണ്ടെന്ന കണക്ക് ലഭ്യമാണെങ്കിൽ നൽകുമോ; | (ബി) | ഈ സർക്കാർ അധികാരത്തിലെത്തിയതിന് ശേഷം സമയബന്ധിതമായി പട്ടയങ്ങൾ നൽകാൻ രണ്ട് പട്ടയമിഷനുകളാണ് പ്രഖ്യാപിച്ചിരുന്നത്. ആദ്യ 100 ദിന കർമ്മ പരിപാടിയുടെ 13,514 പട്ടയങ്ങളും, രണ്ടാം 100 ദിന കർമ്മ പരിപാടിയിലൂടെ 41,021 പട്ടയങ്ങളും ഉൾപ്പെടെ ആകെ 54,535 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. |
| (സി) | ലാൻഡ് ട്രിബ്യൂണൽ മുമ്പാകെ ദീർഘകാലമായി കെട്ടികിടക്കുന്ന കേസുകൾ തീർപ്പാക്കുന്നതിന് ഇടപെടൽ ഉണ്ടാകുമോ; | (സി) | 01.04.1964 ന് മുൻപ് ജന്മി-കുടിയാൻ ബന്ധത്തിൽപ്പെട്ട പാട്ട വ്യവസ്ഥകളോടെ ഭൂമി കൈവശം വച്ച് അനുഭവിച്ച് വന്നിരുന്ന കുടിയാന്മാർ, കുടികിടപ്പുകാർ, കാരായ്മക്കാർ എന്നിവർക്ക് 1963 ലെ കേരള ഭൂപരിഷ്കരണ നിയമ പ്രകാരം ക്രയസർട്ടിഫിക്കറ്റ് ലഭിക്കാൻ അർഹതയുണ്ട്. ഇവരുടെ നിയമാനുസൃത അർഹത പരിശോധിക്കുന്നതും, കൈവശ ഭൂമിയിന്മേൽ fixity of tenure ഉണ്ടോയെന്ന് പരിശോധിക്കുന്നതും ക്രയസർട്ടിഫിക്കറ്റ് നൽകുന്നതും ലാൻഡ് ട്രൈബ്യൂണലുകളാണ്. ഇതിനായി ലാൻഡ് ട്രൈബ്യൂണലുകൾക്ക് സിവിൽ കോടതിയുടെ അധികാരങ്ങളാണുള്ളത്. കേസുകൾ സമയബന്ധിതമായി തീർപ്പാക്കാൻ ഓരോ ലാൻഡ് ട്രൈബ്യൂണലിനും പ്രതിമാസ ടാർജറ്റ് നൽകിയിട്ടുണ്ട്. ഇതിന്റെ പുരോഗതി പ്രതിമാസ അവലോകനം നടത്തി വിലയിരുത്തി വരുന്നു. കേസുകൾ കൈകാര്യം ചെയ്യുന്നതിനായി സ്റ്റേറ്റ് ലാൻഡ് ബോർഡിൽ നിന്നും പരിശീലനവും നൽകി വരുന്നു. ഈ സർക്കാർ രണ്ടാം 100 ദിന കർമ്മ പരിപാടി ആവിഷ്കരിച്ചപ്പോൾ 1,26,368 കേസുകളാണ് തീർപ്പാക്കാനായി ശേഷിച്ചിരുന്നത്. രണ്ടാം 100 ദിവസത്തിനുള്ളിൽ 39,586 കേസുകൾ തീർപ്പാക്കാനും അർഹതയുണ്ടായിരുന്ന 35244 |

| | | | |
|---|---|---|---|
| | | | കുടുംബങ്ങൾക്ക് ലാൻഡ് ട്രൈബ്യൂണൽ മുഖാന്തിരം ക്രമ സർട്ടിഫിക്കറ്റ് നൽകാനും കഴിഞ്ഞിട്ടുണ്ട്. |
| (ഡി) | ജില്ല റവന്യൂ അസംബ്ലി കാര്യക്ഷമമായി നടക്കുന്നുണ്ടോ; ഇതിന്റെ തുടർനടപടികൾക്കായി പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ? | (ഡി) | റവന്യൂ ഭവന നിർമ്മാണ-ദുരന്ത നിവാരണ വകുപ്പുകളിൽ 5 വർഷം കൊണ്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ അവയ്ക്കുവേണ്ടിയുള്ള പ്രവർത്തനങ്ങൾ എന്നിവയ്ക്ക് മാർഗ്ഗരേഖ തയ്യാറാക്കുക എന്ന ലക്ഷ്യത്തോടെയാണ് വിഷൻ ആന്റ് മിഷൻ 2021-26 എന്ന ജില്ലാ റവന്യൂ അസംബ്ലി പദ്ധതി ആസൂത്രണം ചെയ്തിട്ടുള്ളത്. ജില്ലാതലത്തിൽ റവന്യൂ വകുപ്പുമായും മറ്റു വകുപ്പുകളുമായും ബന്ധപ്പെട്ടുള്ള ബഹു. എം.എൽ.എ മാരുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സമാഹരിക്കുന്നതിനും തുടർനടപടി സ്വീകരിക്കുന്നതിനുമായി 2021 ജൂലൈ, ഓഗസ്റ്റ് മാസങ്ങളിൽ തിരുവനന്തപുരം ILDM ൽ വച്ച് ബഹു. റവന്യൂ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ജില്ലാ റവന്യൂ അസംബ്ലി നടത്തിയിരുന്നു. യോഗത്തിൽ ബഹു. എം.എൽ.എമാരുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സമാഹരിച്ച് റവന്യൂ ഡാഷ് ബോർഡ് തയ്യാറാക്കി നടപടി സ്വീകരിച്ചു വരുന്നു. ഇതിനകം 710 എണ്ണം തീർപ്പാക്കിയിട്ടുള്ളതാണ്. റവന്യൂ അസംബ്ലിക്കു ശേഷമുള്ള തുടർനടപടി കാര്യക്ഷമമായി നടന്നു വരുന്നു. എം.എൽ.എ റവന്യൂ അസംബ്ലിയിലൂടെ ഉന്നയിക്കുന്ന പ്രശ്നങ്ങൾ തീർപ്പാക്കാൻ ലാൻഡ് റവന്യൂ കമ്മീഷണറേറ്റിൽ ഒരു പ്രത്യേക സെൽ ആരംഭിച്ചിട്ടുണ്ട്. രണ്ടാം ജില്ലാ റവന്യൂ അസംബ്ലി 28.06.2022 മുതൽ 20.07.2022 വരെ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# വിശദീകരണകുറിപ്പ്

1.ഇ- ഡിസ്ട്രിക്റ്റ്- വില്ലേജാഫീസുകളിൽ നിന്നും പൊതുജനങ്ങൾക്കാവശ്യമായ വിവിധ സർട്ടിഫിക്കറ്റുകൾ വേഗത്തിലും, സുതാര്യമായും ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ഇ-ഡിസ്ട്രിക്റ്റ്. ഇതു വഴി പൊതുജനങ്ങൾക്ക് വില്ലേജാഫീസുകളിൽ വരാതെ തന്നെ സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുന്നു.

2. ആർ.ആർ. ഓൺലൈൻ - റവന്യൂ റിക്കവറി പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി നിലവിലുള്ള ഓഫ് ലൈൻ, ഓൺ ലൈന് സംവിധാനങ്ങൾ സംയോജിപ്പിച്ച് റിക്വസിഷൻ ഓഫീസ് മുതൽ വില്ലേജ് തലം വരെ ബന്ധിപ്പിക്കുന്ന പദ്ധതിയായാണ് ഇത് ആവിഷ്ക്കരിച്ചിട്ടുള്ളത്. കളക്ടറേറ്റ്, താലൂക്ക്, വില്ലേജ് തലത്തിലുള്ള ഉദ്യോഗസ്ഥർക്ക് ലോഗ് ഇൻ ചെയ്ത് ഏതെങ്കിലും ഒരു കേസിന്റെ വിവരം വളരെ എളുപ്പത്തിൽ കണ്ടെത്തുന്നതിന് ഈ പദ്ധതി വളരെയേറെ സഹായകരമാണ്.

3.സംയോജിത ഓൺലൻ പോക്കുവരവ് (Online Mutation) - ഭൂമി സംബന്ധമായി റവന്യൂ രജിസ്ട്രേഷൻ, സർവ്വെ വകുപ്പുകൾ നൽകുന്ന സേവനങ്ങളെ പരസ്പരം ബന്ധപ്പെടുത്തി കൈമാറ്റം ചെയ്യപ്പെടുന്ന ഭൂമിയുടെ പോക്കുവരവ് ഓൺലൈൻ മുഖേന സാധ്യമാക്കുന്നു. ആധുനിക വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ വസ്തുവിന്റെ പോക്കുവരവ് നടപടികൾ വേഗത്തിലും, സുതാര്യമായും, കുറ്റമറ്റ രീതിയിലും നടപ്പിലാക്കുകയും ഏകോപിപ്പിക്കുക എന്ന ഉദ്ദേശ്യലക്ഷ്യത്തോടു കൂടിയാണ് സംയോജിത ഓൺലൈൻ പദ്ധതി നടപ്പിലാക്കുന്നത്.

4.റവന്യൂ ഇ- പെയ്മെന്റ് - സംസ്ഥാനത്ത് ഓൺലൈൻ പോക്കുവരവ് സംവിധാനം നടപ്പിലാക്കിയിട്ടുള്ള വില്ലേജുകളിൽ അടയ്ക്കാവുന്ന എല്ലാ പേയ്മെന്റുകളും ഓൺലൈൻ വഴിയും, വില്ലേജാഫീസുകളിൽ നേരിട്ടും ഒടുക്കുന്നതിനുള്ള ഇ-പേയ്മെന്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

5. റിലീഫ് (സമഗ്ര ദുരിത മാനേജ്മെന്റ് സംവിധാനം) - പ്രളയബാധിതരായ ജനങ്ങൾക്ക് അടിയന്തിര ധനസഹായം ലഭ്യമാക്കുന്നതിനുള്ള Relief Web Portal ഉം

നാശനഷ്ടങ്ങളുടെ വിവര ശേഖരണത്തിനായുള്ള മൊബൈൽ ആപ്ലിക്കേഷനും ഇതോടൊപ്പം സംയോജിപ്പിച്ച് വിജയകരമായി നടപ്പിലാക്കി വരുന്നു.

6.റവന്യൂ മിത്രം - റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്കുണ്ടാകുന്ന എല്ലാത്തരം പരാതികളും വകുപ്പ് മന്ത്രിയ്ക്ക് നൽകുന്നത് ഓൺലൈൻ സംവിധാനത്തിലേക്ക് മാറ്റുക എന്നതാണ് റവന്യൂ മിത്രം കൊണ്ട് ഉദ്ദേശിക്കുന്നത്.

7. റവന്യൂ ഇ സർവ്വീസസ് മൊബൈൽ ആപ്ലിക്കേഷൻ - റവന്യൂ ഇ സർവ്വീസസ് മൊബൈൽ ആപ്ലിക്കേഷനിലൂടെ പൊതുജനങ്ങൾക്ക് ഭൂനികുതി, ഓഫ് ലൈൻ പോക്കുവരവ്, ഭൂരേഖകളുടെ നാളതീകരണത്തിനുമുള്ള അപേക്ഷകൾ എന്നിവ നൽകാവുന്നതാണ്. ഭൂമിയുടെ കൈവശാവകാശം സംബന്ധിച്ച വിവരങ്ങൾ പരിശോധിക്കുന്നതിനുള്ള ലാൻഡ് ഇൻഫർമേഷൻ സിസ്റ്റവും റവന്യൂ ഇ സർവ്വീസസ് മൊബൈൽ ആപ്ലിക്കേഷനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

8. തണ്ടപ്പേർ പകർപ്പ് ഓൺലൈൻ - വില്ലേജാഫീസുകൾ വഴി വിതരണം ചെയ്യുന്ന തണ്ടപ്പേർ പകർപ്പ്, ഡിജിറ്റലായി സാക്ഷ്യപ്പെടുത്തി ഭൂവുടമകൾക്ക് വിതരണം ചെയ്യുന്നതിനുള്ള പകർപ്പ്, ഡിജിറ്റലായി സാക്ഷ്യപ്പെടുത്തി ഭൂവുടമകൾക്ക് വിതരണം ചെയ്യുന്നതിനുള്ള മോഡ്യൂൾ, പൊതുജനങ്ങൾക്ക് ഓൺലൈനായി അപേക്ഷ സമർപ്പിക്കാനും, ഫീസ് അടയ്ക്കുവാനും ഡിജിറ്റലായി സാക്ഷ്യപ്പെടുത്തിയ തണ്ടപ്പേർ പകർപ്പ് ഡൗൺലോഡ് ചെയ്തെടുക്കുവാനും സാധിക്കും.

9. ലൊക്കേഷൻ മാപ്പ് ഓൺലൈൻ- വില്ലേജാഫീസുകൾ വഴി വിതരണം ചെയ്യുന്ന ലൊക്കേഷൻ സർട്ടിഫിക്കഫേറ്റുകൾ ReLis - മായി സംയോജിപ്പിച്ച് ഡിജിറ്റലായി സാക്ഷ്യപ്പെടുത്തി ഭൂവുടമകൾക്ക് വിതരണം ചെയ്യുന്നതിനുള്ള മോഡ്യൂൾ പൊതുജനങ്ങൾക്ക് ഓൺലൈനായി അപേക്ഷ സമർപ്പിക്കുവാനും. ഫീസ് അടയ്ക്കുവാനും, ലെക്കേഷൻ സർട്ടിഫിക്കറ്റുകൾ ഡൗൺലോഡ് ചെയ്തെടുക്കുവാനും സാധിക്കും.

10. FMB ഓൺലൈൻ- ഡിജിറ്റൽ സർവ്വെ പൂർത്തിയാക്കിയ വില്ലേജാഫീസുകളിൽ നിന്നും പൊതുജനങ്ങൾക്ക് FMB പകർപ്പ് ഓൺലൈൻ ആയി അപേക്ഷിച്ച് ഡൗൺലൈഡ് ചെയ്തെടുക്കാവുന്ന മോഡ്യൂൾ.

11. വില്ലേജ് വെബ്സൈറ്റ് - സംസ്ഥാനത്തെ എല്ലാ വില്ലേജാഫീസുകൾക്കും പ്രത്യേകമായി വെബ്സൈറ്റുകൾ തയ്യാറാക്കിയിട്ടുണ്ട്. http://village.kerala.gov.in എന്ന വെബ്പോർട്ടൽ മുഖാന്തിരം സംസ്ഥാനത്തെ 1666 വില്ലേജ് ഓഫീസുകളുടെയും, വെബ് സൈറ്റുകൾ പൊതുജനങ്ങൾക്ക് സന്ദർശിക്കുവാൻ കഴിയുന്നതാണ്. വില്ലേജിനെപ്പറ്റിയുള്ള പൊതു വിവരങ്ങൾ, പ്രസ്തുത വില്ലേജിലെ ഭൂവിവരങ്ങൾ, വില്ലേജിനെപ്പറ്റിയുള്ള പൊതു വിവരങ്ങൾ, പ്രസ്തുത വില്ലേജിലെ ഭൂവിവരങ്ങൾ, വില്ലേജാഫീസുകളിൽ നിന്നും ലഭ്യമാക്കുന്ന സേവനങ്ങൾ, റവന്യൂ വകുപ്പ് ലഭ്യമാക്കുന്ന ഡിജിറ്റൽ സേവനങ്ങൾ വിനിയോഗിക്കുന്നതിനുള്ള ഹൈപ്പർ ലിങ്കുകൾ, ടി വില്ലേജിലെ ജനസംഖ്യാപരവും, ഭൂമിശാസ്ത്രപരവുമായ അടിസ്ഥാന സ്ഥിതി വിവര കണക്കുകൾ, ടി വില്ലേജിലെ പ്രധാന സ്ഥലങ്ങൾ തുടങ്ങിയവ വില്ലേജ് വെബ് സൈറ്റിൽ നിന്നും പൊതുജനങ്ങൾക്ക് ലഭ്യമാണ്.

12. കേരള ബിൽഡിംഗ് ടാക്സ് മാനേജ്മെന്റ് സിസ്റ്റം - കേരള കെട്ടിട നികുതി നിയമം 1975 പ്രകാരം റവന്യൂ വകുപ്പ് മുഖേന പിരിച്ചെടുക്കുന്ന കെട്ടിട നികുതി, ആഢംബര നികുതി എന്നിവ സർക്കാർ വരുമാനത്തിന്റെ ഗണ്യമായ ഭാഗമാണ്. റവന്യൂ വകുപ്പിൽ കെട്ടിട നികുതി, ആഢംബര നികുതി എന്നിവ ഓൺലൈനായി സ്വീകരിക്കുന്നതിനുള്ള വെബ് ആപ്ലിക്കേഷനുകൾ തയ്യാറാക്കിയിട്ടുള്ളതും, പൊതുജനങ്ങൾക്ക് ഓൺലൈനായി അപേക്ഷ സമർപ്പിക്കാൻ കഴിയുന്നതുമാണ്.

13.കോവിഡ് എക്സ്ഗ്രേഷ്യ നഷ്ടപരിഹാര പോർട്ടൽ (ഡെവലപ്പ്മെന്റ് പുരോഗമിക്കുന്നു) - കേന്ദ്ര -സംസ്ഥാന സർക്കാരുകൾ രൂപീകരിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം സംസ്ഥാനത്ത് കോവിഡ്-19 ബാധിച്ച് മരണപ്പെട്ട വ്യക്തിയുടെ കുടുംബത്തിന് എക്സ്ഗ്രേഷ്യ നഷ്ടപരിഹാരത്തിനായി അപേക്ഷ ജില്ലാ ദുരന്തനിവാരണ അതോറിറ്റി മുമ്പാകെ സമർപ്പിക്കുന്നതിനും എക്സ്ഗ്രേഷ്യ സഹായം ലഭ്യമാക്കുന്നതിനുമുള്ള സംവിധാനം.

സുതാര്യവും ലളിതവുമായി റവന്യൂ സേവനങ്ങൾ സ്മാർട്ടായി പൊതുജനങ്ങൾക്ക് നൽകുന്നതിനും, സേവനങ്ങളുടെ നടത്തിപ്പിൽ നേരിട്ട് പൊതുജനങ്ങളെ ഭാഗഭാക്കാക്കുന്നതിനും പൂർത്തിയാക്കിയ പദ്ധതികൾക്ക് പുറമേ ചുവടെ ചേർക്കുന്ന പദ്ധതികൾ കൂടി നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.

1. റവന്യൂ പോർട്ടൽ - പൊതുജനങ്ങൾക്കും ജീവനക്കാർക്കും Single Sign On സൗക്ര്യയത്തോടു കൂടിയ പോർട്ടൽ, നിലവിൽ വികസിപ്പിച്ചതും വികസനത്തിലുള്ളതുമായ മിത്രം, റിലീഫ്, എച്ച്.ആർ.എം.എസ്, കെ.ബി.റ്റി, ആർ.റ്റി.ഐ. ലീസ് മാനേജ്മെന്റ് സിസ്റ്റം, സോഷ്യൽ സെക്യൂരിറ്റി പെൻഷൻ തുടങ്ങിയ മോഡ്യൂളുകൾ ഈ സംവിധാനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

2. വിവരാവകാശം ഓൺലൈൻ - റവന്യൂ പോർട്ടലിൽ ഉൾപ്പെടുത്തി വിവരാവാകശ അപേക്ഷകളും ഓൺലൈനായി സ്വീകരിക്കുന്നതിനും നടപടി സ്വീകരിക്കുന്നതിനുമുള്ള മോഡ്യൂൾ, വിവരാവകാശ നിയമം 2005 പ്രകാരം സംസ്ഥാനത്ത് റവന്യൂ വകുപ്പിൽ ധാരാളം അപേക്ഷകൾ ലഭിക്കുന്നുണ്ട്. ഏതെങ്കിലും ഒരു പൊതുജനത്തിന് വിവരാവാകാശ നിയമ പ്രകാരം അപേക്ഷിക്കുമ്പോൾ 10/- രൂപയുടെ ഫീസ് അടച്ച് 10/- രൂപയുടെ സ്റ്റാമ്പ് പതിച്ചോ അപേക്ഷ സമർപ്പിക്കാവുന്നതാണ്. നിലവിൽ റവന്യൂ വകുപ്പിൽ മാനുവൽ രീതിയിലാണ് ഇത്തരം അപേക്ഷകൾ സ്വീകരിക്കുന്നതു മുതൽ അപേക്ഷകന് മറുപടി നൽകുന്നത് വരെയുള്ള എല്ലാ പ്രോസസ്സുകളും കൈകാര്യം ചെയ്യുന്നത്. എന്നാൽ സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണത്തിന് തയ്യാറെടുക്കുന്ന വകുപ്പ് എന്ന നിലയ്ക്ക് ഓൺലൈനായി വിവരാവകാശ അപേക്ഷ സ്വീകരിക്കുന്നതിനും, കൈകാര്യം ചെയ്യുന്നതിനും അന്തിമമായി മറുപടി നൽകുന്നതിനും സഹായകരമാകുന്ന രീതിയിൽ ഒരു മോഡ്യൂൾ വികസിപ്പിച്ചിട്ടുള്ളതാണ്. ഈ മൊഡ്യൂളിൽ റവന്യൂ ഇ-പെയ്മെന്റ് ഗേറ്റ് വേയുമായി ഇൻഡഗ്രേറ്റ് ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നതാണ്.

3. സോഷ്യൽ സെക്യൂരിറ്റി പെൻഷൻ - നിലവിൽ റവന്യൂ വകുപ്പ് വിതരണം ചെയ്യുന്ന അഗതികളായ ക്യാൻസർ, ക്ഷയം, കുഷ്ഠം എന്നീ രോഗം ബാധിച്ചവർക്കുള്ള പെൻഷൻ ഓട്ടോമേറ്റ് ചെയ്ത് ഇ-ഗവർണൻസ് പ്ലാറ്റ് ഫോമിന്റെ സഹായത്തിൽ വിതരണം ചെയ്തു വരുന്നുണ്ട്. സംസ്ഥാന വ്യാപകമായി DBIT വഴി പെൻഷൻ വിതരണം ചെയ്യുന്നതിനായുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്.